022/O/O INTERNAL VIGILENCE AND INSPECTION

E no 48876/18
26/4

# കേരള സർക്കാർ

## സംഗ്രഹം

നികുതി വകുപ്പ് - ഭാഗ്യക്കുറി ടിക്കറ്റുകൾ സെറ്റായി വിൽക്കുന്നത് - സർക്കാർ നിർദ്ദേശം റദ്ദ് ചെയ്തും ലോട്ടറി വകുപ്പ് ഡയറക്ടർ പുറപ്പെടുവിച്ച സർക്കുലർ സാധൂകരിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

**നികുതി (എച്ച്) വകുപ്പ്**

**സ.ഉ.(സാധാ)നം.296/2018/നി.വ.** **തിരുവനന്തപുരം, തീയതി,21.04.2018.**

പരാമർശം:- 1. 24.03.2014 ലെ 7617/H1/2014/TD നമ്പർ സർക്കാർ കത്ത്.
2. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ 28.12.2017, 21.03.2018 എന്നീ തീയതികളിലെ OSL/40976/2017/DSL നമ്പർ കത്ത്.
3. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ12.02.2018 ലെ എസ്3/2831/2014/DSL നമ്പർ കത്ത്.
4. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ 28.12.2017 ലെ OSL/40976/2017/DSL നമ്പർ സർക്കുലർ.

26/4/18

## ഉത്തരവ്

ഭാഗ്യക്കുറി ടിക്കറ്റുകൾ ഇടകലർത്തി വിതരണം ചെയ്യാൻ 05.03.2014 ൽ സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ നൽകിയ നിർദ്ദേശം ഉടൻ പിൻവലിക്കാനും തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വരുന്നതിനു മുമ്പ് ടിക്കറ്റുകൾ നൽകിയിരുന്ന അതേ രീതിയിൽ ഏജന്റുമാർക്ക് വിതരണം ചെയ്യാനും സർക്കാരിനോട് ആലോചിക്കാതെ മേലിൽ ലോട്ടറി സംബന്ധമായ യാതൊരു പരിഷ്കാരവും നടത്തരുതെന്നും പരാമർശം (1) പ്രകാരം സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നു. സംസ്ഥാന ഭാഗ്യക്കുറി ടിക്കറ്റുകളുടെ അവസാന 4 അക്കങ്ങൾ ഒരേ രീതിയിൽ വരത്തക്കവണ്ണം ക്രമീകരിച്ച് ടിക്കറ്റ് വാങ്ങുന്നതിലുള്ള ആസക്തി വളരുന്നത് തടയുന്നതിനും, മറ്റ് അനഭിലഷണീയമായ പ്രവണതകൾ ഒഴിവാക്കുന്നതിനും സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് പരാമർശം (4) പ്രകാരം സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ സർക്കുലർ പുറപ്പെടുവിച്ചിരുന്നു.

സംസ്ഥാന ഭാഗ്യക്കുറി ടിക്കറ്റുകളുടെ അവസാന 4 അക്കങ്ങൾ ഒരേ രീതിയിൽ വരത്തക്കവണ്ണം ക്രമീകരിച്ച് വളരെയധികം ടിക്കറ്റുകൾ ഒരുമിച്ച് സെറ്റാക്കി വില്പന നടത്തുന്ന സാഹചര്യം ഒഴിവാക്കാനായി ബഹു. ധനകാര്യ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ തീരുമാനമെടുക്കുകയും നടപടികൾ സ്വീകരിക്കുന്നതിനായി സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറെ ചുമതലപ്പെടുത്തിയത് പ്രകാരം പരാമർശം (1) കത്ത് റദ്ദ് ചെയ്യുവാനും പരാമർശം (4) സർക്കുലർ സാധൂകരിക്കുന്നതിനും സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ പരാമർശം (3) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) കത്ത് റദ്ദ് ചെയ്തും പരാമർശം (4) പ്രകാരം സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ പുറപ്പെടുവിച്ച സർക്കുലർ സാധൂകരിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം),
**ആർ.രാജഗോപാൽ**
അഡീഷണൽ സെക്രട്ടറി.

ഡയറക്ടർ, സംസ്ഥാന ഭാഗ്യക്കുറി വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എആന്റ്ഇ)), കേരള, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിന് പ്രകാരം,